Income limit for getting fee concessions

*817 [885] **Shri Stephen Padua:** Will the Minister of Harijan Welfare and Community Development be pleased to state:

The amount of income limit now fixed for getting fee concessions in Arts and Science Colleges to students of Other Backward Classes?

Minister for Labour and Housing (**Shri M.K.Raghavan**):

Income limits fixed for educational concessions to Other Backward Community students studying in Arts and Science College are:—

1. P. D. C.—Rs. 1800 per annum.
2. Graduate and Post Graduate Courses—Rs. 2400 per annum.

Shri Stephen Padua: Sir, In view of the fact that the income limit was fixed long ago and because it has now become unscientific and unrealistic, will the Government be pleased to consider the revision of the present rate?

Shri M. K. Raghavan: If Government find it necessary, it will be revised along with the other Concessions.

Shri Stephen Padua: Few years back I have been informed by the then Hon'ble Minister that a Committee has been appointed to consider the revision of the rate. Will the Minister be pleased to state whether that committee has made any recommendations in this matter?

Shri M. K. Raghavan: I do require notice in this matter.

ശ്രീ. എൻ. ഭാസ്കരൻ നായർ: കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പോസ്റ്റ് ഗ്രാഡുവേഷനും പ്രൊഫഷണൽ കോളേജുകളിലും 6000 രൂപയിൽ കുറഞ്ഞ വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് ഈ സാമ്പത്തികസഹായം കൊടുക്കുന്നുണ്ടെന്ന് ഗവൺമെൻറിനറിയാമോ?

ശ്രീ. എം. കെ. രാഘവൻ: ഇത് ഒ. ബി. സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള കൺസഷന്റെ കാര്യമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഹരിജനങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ഈ കൺസെഷൻ ഗവൺമെൻറ് അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരവും ഗവൺമെൻറിന്റെ അംഗീകാരവും ഒക്കെ ലഭിച്ച്, വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭിക്കണമെങ്കിൽ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറ് വീണ്ടും ഒരു അംഗീകാരം കൊടുക്കണം. ഈ വ്യവസ്ഥ എടുത്തുകളയാനും ഗവൺമെൻറ് അംഗീകാരത്തോടുകൂടി അവിടെ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ഗ്രാന്റ് ലഭിക്കുന്നതിന് പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ വേണ്ടതു ചെയ്യുമോ?

ശ്രീ. എം. കെ. രാഘവൻ: അത് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Shri S. Thankappan Pillai: Is this amount of income limit equally applicable to the other students of other backward communities, who are educationally and economically backward?

ശ്രീ. എം. കെ. രാഘവൻ: സർ, പിന്നോക്ക സമുദായത്തിൽപ്പെടാത്തതും എന്നാൽ മുന്നോക്ക സമുദായത്തിൽപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ചില സൗജന്യങ്ങളും കൊടുക്കുന്നുണ്ട്; കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സൗജന്യം എക്സ് റെറിന് പെയ്തുകൊണ്ട് അതിൽ വരുമാന പരിധി വച്ചിരിക്കുന്നത് 6000 രൂപയാണ്. അതായിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെ ചോദിച്ചു കഴിഞ്ഞാൽ മനസ്സിലാക്കാൻ പ്രയാസമാണ്. മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ആറായിരം രൂപയാണ് സാമ്പത്തികപരിധി വച്ചിരിക്കുന്നത്.

ഷോർട്ട് നോട്ടീസ് കസ്റ്റ്യൻ

മി. സ്പീക്കർ: 2.0 നമ്പർ ചോദ്യത്തിന് ഉത്തരം പറയേണ്ട മുഖ്യ മന്ത്രി സഭയിൽ ഇല്ലാത്തതിനാൽ മറുപടി പറയേണ്ട.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റിൽനിന്നുള്ള ജല മലിനീകരണം

* 818 [3] ഡോ. കെ. ജി. അടിയോടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ഫാക്ടറിയിൽനിന്ന് പുറത്തേക്കു വിടുന്ന മലിനജലംമൂലം സമീപവാസികളുടെ ആരോഗ്യം നശിക്കുകയും അതുമൂലം പലരുടേയും മരണത്തിനിടയാവുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതി വിശേഷം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റോ, വാട്ടർ പൊല്യൂഷൻ കൺട്രോൾ ബോർഡോ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ്?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയിൽനിന്നുള്ള മലിന ജലം കടലിലേക്കാണ് പുറംതള്ളുന്നത്. എന്നാൽ അത് കരയിലേക്കടിക്കുന്നതുമൂലം സമീപവാസികളായ മൽസ്യത്തൊഴിലാളികളുടെ ആരോഗ്യത്തിന് ഹാനികരമായിത്തീർന്നിട്ടുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly